കോട്ടക്കൽ നഗരസഭ

KOTTAKKAL MUNICIPALITY

കോട്ടക്കൽ നഗരസഭ

കേരളോത്സവം 2026

നോട്ടിസ്

ബഹു. ക്ലബ് ഭാരവാഹികളെ,

2026-27 വർഷത്തെ കേരളോത്സവം വളരെ വിപുലമായി തന്നെ നടത്തുന്നതിന് വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പും, സംസ്ഥാന യുവജനക്ഷേമ ബോർഡും 27-09-2026 ലെ സർക്കാർ ഉത്തരവിലുടെ അറിയിച്ചിരിക്കുകയാണ്. കോട്ടക്കൽ നഗരസഭയിലും ഏറ്റവും മികച്ച രുപത്തിൽ കേരളോത്സവം സംഘടിച്ചിക്കാനും, അതിന് വേണ്ടി ഒക്ടോബർ 12 വൈകിട്ട് 5 മണിക്ക് നഗരസഭ ഓഡിറ്റോറിയത്തിൽ വെച്ച് സംഘാടകസമിതി രുപീകരിക്കാനും തിരുമാനിച്ചിരിക്കുകയാണ്.

പ്രസ്തുത യോഗത്തിലേക്ക് താങ്കളുടെ ക്ലബ്ബിനെയും ക്ഷണിക്കുകയാണ്.

NB: 2026 മുതൽ 2030 വരരയുള്ള കാലയളവിൽ വരുന്ന ക്ലബ് കിറ്റുകൾ, മറ്റു ആനുകുല്യങ്ങൾ എന്നിവക്ക് കേരളോത്സവത്തിലെ പങ്കാളിത്തം ഒരു മാനദണ്ഡമായിരിക്കും.

ക്ലബ്ബുകളുടെ കേരളോത്സവ മുന്നൊരുക്കങ്ങൾ

1 സ്വാഗതസംഘത്തിൽ പങ്കെടുക്കുക.

ഒക്ടോബർ 12, വൈകിട്ട് 5ന് നഗരസഭ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന സ്വാഗതസംഘ രുപീകരണ യോഗത്തിൽ പങ്കെടുക്കുക.

2 പോസ്റ്റർ പ്രചരണം

ഒക്ടോബർ 13 ചൊവ്വ ക്ലബ്ബ് പരിസരങ്ങളിലും പൊതു ഇടങ്ങളിലും പ്രചരണ പോസ്റ്റർ പതിക്കുക.

3 വാർഡ് തല ക്ലബ്ബ് കോർഡിനേഷൻ യോഗം

ഒക്ടോബർ 15നും 20നും ഇടയിൽ നിങ്ങളുടെ വാർഡ് കൗൺസിലറെ ക്ഷണിച്ച് ക്ലബ്ബ് യോഗം ചേർന്ന്, കേരളോത്സവ രജിസ്ട്രേഷൻ നടപടികൾക്ക് തുടക്കം കുറിക്കുക. രജിസ്ട്രേഷൻ കാര്യങ്ങൾ വിശദീകരിക്കുക.

4 രജിസ്ട്രേഷൻ ഒക്ടോബർ 30ന് മുൻപ് പുർത്തിയാക്കുക.

കേരളോത്സവത്തിൻ്റെ മുഴുവൻ ഇനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ ഒക്ടോബർ 15 മുതൽ ഒക്ടോബർ 30 വരെ മാത്രമായിരിക്കും. ഇത്തവണ. ഒരു മത്സരത്തിനും സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല.

5 മത്സരങ്ങൾ നവംബർ 1 മുതൽ 15 വരെ

2026-27 വർഷത്തെ കോട്ടക്കൽ നഗരസഭ തല മുഴുവൻ മത്സരങ്ങളും നവംബർ 1 മുതൽ 15 വരെ പകലും രാത്രിയുമായി നടത്തപ്പെടും. മത്സരം നിശ്ചയിച്ച സമയത്തിന് 30 മിനിറ്റ് മുൻപ് റിപ്പോർട്ട് ചെയ്തിരിക്കണം.

എന്ന്,

ശ്രീ കെ.കെ. നാസർ	**ശ്രീ സുലൈമാൻ പാറമ്മൽ**
ചെയർപേഴ്സൺ, കോട്ടക്കൽ നഗരസഭ	വർക്കിംഗ് ചെയർമാൻ, കേരളോത്സവം 2026